പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 64

# 2011-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 64

**2011-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ**

1357/2011.

# 2011-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

1973-ലെ ക്രിമിനൽ നടപടി നിയമസംഹിത
കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) ഇനി പറയുന്ന ആവശ്യങ്ങൾക്കായി കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 381-ാം വകുപ്പിന്റെ ഭേദഗതി.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) യിലെ 381-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ളിപ്ത നിബന്ധനയ്ക്കു പകരം ഇനിപറയുന്ന ക്ളിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ രണ്ടാം ക്ളാസ് മജിസ്ട്രേറ്റ് വിചാരണ നടത്തേണ്ടുന്ന ഒരു കേസിൽ, ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് നടത്തിയ വിചാരണയിലെ കുറ്റസ്ഥാപനത്തിനെതിരായുള്ള ഒരു അപ്പീൽ, അസിസ്റ്റന്റ് സെഷൻസ് ജഡ്ജിക്കോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യാവുന്നതാണ്."

1357/2011

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സബോർഡിനേറ്റ് സിവിലും ക്രിമിനലും ജുഡീഷ്യറിയുടെ സംയോജനത്തെ തുടർന്ന് കേരള സംസ്ഥാനത്ത്, രണ്ടാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ ഇല്ലാതായി തീർന്നിരിക്കുന്നു. ഈ സംസ്ഥാനത്ത്, 1992 ജനുവരി 1-ാം തീയതി മുതൽ ഒന്നാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ മാത്രമേ നിലവിലുള്ളൂ.

2. ഈ സംസ്ഥാനത്ത് ഒന്നാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ മാത്രം ഉള്ളതിനാൽ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) യിലെ 381-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം, ഒന്നാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ നിന്നുള്ള എല്ലാ ക്രിമിനൽ അപ്പീലുകളും സെഷൻസ് കോടതി കേൾക്കുകയും തീരുമാനിക്കുകയും ചെയ്യേണ്ടതുണ്ട്.

3. സെഷൻസ് കോടതികളിലെ ജോലിഭാരം കുറയ്ക്കുന്നതിനും അസിസ്റ്റന്റ് സെഷൻസ് ജഡ്ജിമാർക്കും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കും ക്രിമിനൽ അപ്പീലുകൾ കേട്ട് പരിചയം സിദ്ധിക്കുന്നതിനും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 381-ാം വകുപ്പിലെ നിലവിലുള്ള ക്ളിപ്ത നിബന്ധനയ്ക്ക് പകരം മറ്റൊന്ന് ചേർത്തുകൊണ്ട്, രണ്ടാം ക്ളാസ് മജിസ്ട്രേറ്റുമാർ വിചാരണ ചെയ്യേണ്ടുന്ന കുറ്റങ്ങൾ ഉൾപ്പെടുന്ന കേസുകളെ സംബന്ധിച്ച്, അസിസ്റ്റന്റ് സെഷൻസ് ജഡ്ജിമാർക്കും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കും അപ്പീൽ അധികാരങ്ങൾ നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന്, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുംവിധം ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഉമ്മൻ ചാണ്ടി.

(ശരിത്തർജ്ജമ)

## 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

381. സെഷൻസ് കോടതിക്കുള്ള അപ്പീൽ കേൾക്കുന്നത് എങ്ങനെയെന്ന്.—

(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സെഷൻസ് കോടതിക്കോ സെഷൻസ് ജഡ്ജിക്കോ ഉള്ള അപ്പീൽ, സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ കേൾക്കേണ്ടതാകുന്നു:

എന്നാൽ രണ്ടാം ക്ലാസ് മജിസ്ട്രേറ്റ് നടത്തിയ വിചാരണയിലെ കുറ്റസ്ഥാപനത്തിനെതിരായുള്ള അപ്പീൽ, അസിസ്റ്റന്റ് സെഷൻസ് ജഡ്ജിക്കോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ കേൾക്കുകയും തീർപ്പാക്കുകയും ചെയ്യാവുന്നതാണ്.

(2) അഡീഷണൽ സെഷൻസ് ജഡ്ജിയോ അസിസ്റ്റന്റ് സെഷൻസ് ജഡ്ജിയോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റോ, ആ ഡിവിഷനിലെ സെഷൻസ് ജഡ്ജി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി തന്നെ ഏല്പിക്കുന്നതോ അല്ലെങ്കിൽ ഹൈക്കോടതി പ്രത്യേക ഉത്തരവ് വഴി കേൾക്കണമെന്ന് നിർദ്ദേശിക്കുന്നതോ ആയ അപ്പീലുകൾ മാത്രമേ കേൾക്കാൻ പാടുള്ളൂ.

** ** ** **